പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 588 28.03.2018– ൽ മറുപടിയ്ക്ക്

## വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ചോദ്യം

ഡോ.എൻ.ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.പി.ജെ.ജോസഫ്
ശ്രീ.മോൻസ് ജോസഫ്.

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൃദ്ധ ജനസംഖ്യ എത്ര ശതമാനമാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ വൃദ്ധജനസംഖ്യ ആകെ ജനസംഖ്യയുടെ 12.83% ആണെന്നാണ് കണക്കാക്കി-യിട്ടുള്ളത്. |
| (ബി) | വൃദ്ധജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിയ്ക്കുന്നതിനും നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വൃദ്ധജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിശോധിയ്ക്കുന്നതിനും പരിഹരിയ്ക്കുന്നതിനും നിരവധി സംവിധാനങ്ങൾ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. വയോജന സംരക്ഷണ നിയമം 2007-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിയ്ക്കുകയും സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രിബ്യൂണലുകളായി അധികാരപ്പെടുത്തുകയും പ്രസ്തുത ട്രിബ്യൂണലുകൾ, മക്കൾ സംരക്ഷിയ്ക്കാത്ത മാതാപിതാക്കളുടെ പ്രശ്നങ്ങൾ കേൾക്കുകയും അവയ്ക്ക് പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. സംസ്ഥാന വയോജന കൗൺസിലും അവയോടനുബന്ധിച്ചുള്ള ജില്ലാ കമ്മറ്റികൾ മുഖാന്തിരവും വയോജനങ്ങളുടെ പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | പരിശോധിയ്ക്കുന്നതിനും പരിഹാരം കാണാനും ശ്രമിച്ചു വരുന്നുണ്ട്. കൂടാതെ വയോജനങ്ങൾക്കുള്ള നിയമ സഹായങ്ങൾക്ക് ലീഗൽ സർവ്വീസ് അതോറിറ്റികളും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) | വൃദ്ധജനങ്ങളുടെ സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഉതകുന്ന വിധത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതി വിഭാവനം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | വൃദ്ധജനങ്ങളുടെ സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ സുരക്ഷ ഉറപ്പ് വരുത്തുന്ന വിധത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നാളിതുവരെ സ്വീകരിച്ചു വന്നിട്ടുള്ളത്. വൃദ്ധജനങ്ങൾ സാമൂഹികമായി നേരിടുന്ന പ്രശ്നങ്ങളും അസമത്വങ്ങളും അതിക്രമങ്ങളും നേരിടുന്നതിന് നിയമത്തിന്റെ സ്വാഭാവികമായുള്ള സാധ്യതകൾ മാത്രം തേടാതെ വയോജന പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇത്തരം അവബോധ പ്രവർത്തനങ്ങൾ കുട്ടികളിൽ നിന്നാണ് തുടങ്ങേണ്ടത് എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ അശരണരും ആലംബമറ്റവരുമായ വയോജനങ്ങൾക്ക് സ്ഥാപനീയ സംരക്ഷണം, അർഹരായ എല്ലാ വൃദ്ധജനങ്ങൾക്കും സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ കമ്മറ്റികൾ എന്നിവ വഴി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതാണ്. നിലവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്കു കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് "സായംപ്രഭ ഹോം" ആയി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയാണ് സായംപ്രഭ ഹോം പദ്ധതി. ആദ്യ ഘട്ടത്തിൽ 70 |

| | | | |
|---|---|---|---|
| | | | പകൽ പരിപാലന കേന്ദ്രങ്ങളെയാണ് പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടു-ത്തിട്ടുള്ളത്. പകൽ സമയങ്ങളിൽ മക്കൾ ജോലിക്കും കൊച്ചുമക്കൾ സ്കൂളുകളിലും പോയിക്കഴിഞ്ഞാൽ വീട്ടിൽ തികച്ചും ഒറ്റപ്പെടുന്ന വയോജനങ്ങൾക്ക് ഈ പദ്ധതി വഴി ആവശ്യമായ സംരക്ഷണവും . മാനസികോല്ലാസവും ലഭിക്കുന്നുവെന്നു ഉറപ്പു വരുത്തുവാൻ കഴിയുന്നതാണ്. വയോ അമൃതം പദ്ധതി, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വയോമിത്രം പദ്ധതി, ടി പദ്ധതി പ്രകാരമുള്ള വയോജന ഹെൽപ്പ് ഡെസ്കുകൾ തുടങ്ങിയ പദ്ധതികൾ ദീർഘകാലാടിസ്ഥാ-നത്തിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ